പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1907

17.06.2013 ൽ മറുപടിക്ക്

## വ്യാജപാസ്പോർട്ട് ഉപയോഗിച്ച് മനുഷ്യക്കടത്ത്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി<br>,, വി. ശിവൻകുട്ടി<br>,, വി.റ്റി.എ. റഹീം<br>,, കെ.വി. അബ്ദുൾ ഖാദർ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് നടന്നുവരുന്ന അനധികൃത മനുഷ്യക്കടത്തുകൾ സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | നെടുമ്പാശ്ശേരി വിമാനത്താവളം കേന്ദ്രീകരിച്ച് നടന്ന അനധികൃത മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് വിഭാഗം 4 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |
| (ബി) മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് റിക്രൂട്ടിംഗ് ഏജൻസികളും പെൺവാണിഭ സംഘങ്ങളും മറ്റുമായി ബന്ധമുള്ള എത്ര പേർ ഇനിയും അറസ്റ്റു ചെയ്യപ്പെടാനുണ്ട്; | (ബി) | നെടുമ്പാശ്ശേരി വിമാനത്താവളം കേന്ദ്രീകരിച്ച് നടന്ന അനധികൃത മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് വിഭാഗം രജിസ്റ്റർ ചെയ്ത കേസുകളുടെ അന്വേഷണം പൂർത്തിയായാൽ മാത്രമേ അറസ്റ്റ് ചെയ്യേണ്ടവരുടെ എണ്ണം വ്യക്തമാകുകയുള്ളൂ. |
| (സി) വ്യാജ പാസ്പോർട്ട് ഉപയോഗിച്ച് മനുഷ്യക്കടത്ത് ഇപ്പോഴും തുടരുന്നതായി അറിയാമോ; കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ഇത്തരത്തിൽ എത്ര കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന കണക്കുകൾ ലഭ്യമാണോ; | (സി) | 15.02.2012 - ൽ തിരുവനന്തപുരം വിമാനത്താവളവും 19.03.2012-ന് കരിപ്പൂർ വിമാനത്താവളവും 19.05.2012 - ന് നെടുമ്പാശ്ശേരി വിമാനത്താവളവും കേന്ദ്ര ഗവൺമെന്റിന്റെ ബ്യൂറോ ഓഫ് എമിഗ്രേഷൻ ഏറ്റെടുത്തിട്ടുള്ളതിനാൽ വിമാനത്താവളങ്ങളിലെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം |

ലഭ്യമല്ല. 2011 - 2012 വർഷങ്ങളിൽ വ്യാജ യാത്രാരേഖകൾ ഉപയോഗിച്ച യാത്ര ചെയ്തതിനും അതിനുശ്രമിച്ച തിനും രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ഇപ്രകാരമാണ്.

| | 2011 | 2012 |
|---|---|---|
| തിരുവനന്തപുരം | 48 | 37 |
| നെടുമ്പാശ്ശേരി | 58 | 30 |
| കരിപ്പൂർ | 48 | 3 |

സെക്ഷൻ ഓഫീസർ